Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
Ref: 981KCBC/K-6/KPR/DS

4.8.2026

കെസിബിസി സമ്മേളനാനന്തര പ്രസ്താവന

കൊച്ചി: ആഗസ്റ്റ് മൂന്ന് തിങ്കളാഴ്ച കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചുനടന്ന കെസിബിസി സമ്മേളനത്തിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലെയും മെത്രാന്മാർ പങ്കെടുക്കുകയും പ്രാധാന്യമർഹിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ചചെയ്യുകയുമുണ്ടായി.

1. പശ്ചിമഘട്ട പാരിസ്ഥിതിക സംവേദക മേഖല (ESA): പശ്ചിമഘട്ട പരിസ്ഥിതിക സംവേദക മേഖലകൾ (ESA)) സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ജൂലൈ 27 ന് വീണ്ടും കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. ഇത് ഏഴാം തവണയാണ് കേന്ദ്രം കരട് വിജ്ഞാപനം പുതുക്കി ഇറക്കുന്നത്. കേരളത്തിന്റെ നിലവിലുള്ള മാപ്പിൽ, 123 റവന്യൂ വില്ലേജുകളിലായി, ലക്ഷകണക്കിന് ഏക്കർ ജനവാസമേഖലകളും കൃഷിഭൂമിയും ഉൾപ്പെടെ 9,993.7 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. നിയമപരമായി നിലനിൽക്കുന്ന രീതിയിൽ റവന്യൂ വില്ലേജുകളും ESA) അതിർത്തികളും തരംതിരിച്ച് ഫീൽഡ് സർവേ നടത്തുന്നതിലുണ്ടായ വർഷങ്ങളായുള്ള അലംഭാവവും വീഴ്ചയുമാണ് ഈ പ്രതിസന്ധിയെ ഇത്രത്തോളം വഷളാക്കിയത്. സമാനമായ ആശങ്കകൾ നിലനിന്നിരുന്ന തമിഴ്നാട്, ഗോവ തുടങ്ങിയ സംസ്ഥാനങ്ങൾ കൃത്യമായ ഉപഗ്രഹ-ഫീൽഡ് സർവേകൾ വഴി അതിർത്തികൾ വേർതിരിച്ച് കേന്ദ്രത്തിന് സമർപ്പിക്കുകയും സ്വന്തം സംസ്ഥാനങ്ങളിലെ ജനവാസകേന്ദ്രങ്ങളെ ESA) പരിധിയിൽ നിന്ന് സംരക്ഷിച്ചു നിർത്തുകയും ചെയ്തു. എന്നാൽ കേരളത്തിൽ ഇപ്പോഴും ജനങ്ങളുടെ ആശങ്ക പരിഹരിച്ച് വ്യക്തമായി അതിർത്തി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല എന്നത് ഏറെ ഖേദകരമാണ്. അതിനാൽ, ജനവാസമേഖലകളും കൃഷിഭൂമിയും പൂർണ്ണമായും ഒഴിവാക്കി, റവന്യൂ വില്ലേജുകളെ കൃത്യമായി തരംതിരിച്ച്, കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ സത്വരമായി ഇടപെടണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏകോപിച്ച് പ്രവർത്തിച്ച് പശ്ചിമഘട്ട ESA) വിഷയത്തിൽ കേരളത്തിലെ കർഷകസമൂഹത്തിന് ആശ്വാസമേകുന്ന ശാശ്വത പരിഹാരം ഉടൻ കണ്ടെത്തണമെന്ന് കെസിബിസി ആവശ്യപ്പെടുന്നു.

2. പ്രകൃതിദുരന്തങ്ങൾ: സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ മരണപ്പെട്ടവർക്ക് കെസിബിസി ആദരാഞ്ജലികൾ അർപ്പിക്കുന്നു. ദുരിതത്തിൽ അകപ്പെടുന്നവരെ സഹായിക്കാൻ സഭ പ്രതിജ്ഞാബദ്ധമാണ്. അനിതരസാധാരണമായ രീതിയിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം ഉരുൾപ്പൊട്ടൽ തുടങ്ങിയവയെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തി പുഴകളുടെയും, ഡാമുകളുടെയും ആഴം വർധിപ്പിക്കുന്നതുൾപ്പടെ ശാശ്വതവും ക്രിയാത്മകവുമായ പരിഹാരം കണ്ടെത്താനും പ്രതിരോധമാർഗങ്ങൾ സ്വീകരിക്കാനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആഭ്യർഥിക്കുന്നു. ഒപ്പംതന്നെ, കേരള സർക്കാരിന്റെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് കേരള കത്തോലിക്കാ സഭയുടെ ഐക്യദാർഢ്യവും പിന്തുണയും അറിയിക്കുന്നു.

ഫാ. തോമസ് തറയിൽ
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്,
ഡയറക്ടർ, പിഒസി.

PRESIDENT
His Grace
Most Rev. Dr. Varghese Chakkalakal
Archbishop of Calicut
Archbishop's House,
Malaparamba, Kozhikode 673 009
Ph: +91 495 2370313, 2370271
Email: bishopchakkalakal@gmail.com

VICE-PRESIDENT
His Excellency,
Dr. Samuel Mar Irenios
Bishop of Pathanamthitta
Catholic Bishop's House,
St. Peter's Junction
Pathanamthitta — 689 645 Ph: +91 468 2223200
Email: bishopmarirenios@gmail.corn

SECRETARY GENERAL
His Grace
Mar Thomas Tharayil
Archbishop of Changanacherry
Archbishop's House,
Changanachery 686 101.
Ph: 91 481 2420379, 2420614
Email: bishoptharayil@gmail.com

DEPUTY SECRETARY GENERAL
Fr. Thomas Tharayil
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
E-mail: frthomastharayil@gmail.com